**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2191** **12-12-2022 - ൽ മറുപടിയ്ക്ക്**

**കോട്ടയം ജില്ലയിലെ യു.പി.എസ്.എ. തസ്തിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി.ഉമ തോമസ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കോട്ടയം ജില്ലയിൽ യു.പി.എസ്.എ. തസ്തികയിൽ നിലവിൽ എത്ര വേക്കൻസികൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | 29 (ഇരുപത്തിയൊൻപത് ) വേക്കൻസികൾ പി എസ് സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | കോട്ടയം ജില്ലയിൽ നിലവിലുള്ള യു.പി.എസ്.എ. റാങ്ക് ലിസ്റ്റിൽപ്പെട്ട( കാറ്റഗറി നമ്പർ 517/2019) ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | കോട്ടയം ജില്ലയിൽ നിലവിലുള്ള യു പി എസ് എ റാങ്ക് ലിസ്റ്റിൽപ്പെട്ട (കാറ്റഗറി നമ്പർ<br><br>517/2019) ഉദ്യോഗാർഥികൾക്ക് നിയമനം നൽകുന്നതിനുള്ള നിയമന ശിപാർശ പി<br><br>എസ് സിയിൽ നിന്നും ലഭിച്ചിട്ടില്ല. |
| (സി) | പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമന ശുപാർശ നൽകുന്നതിന് എന്തെങ്കിലും നിയമ തടസ്സം നിലവിൽ ഉണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ; | (സി) | നിയമ തടസ്സമൊന്നും നിലവിൽ ഇല്ല. |
| (ഡി) | കോട്ടയം ജില്ലയിലെ യു.പി.എസ്.എ. തസ്തികയിലെ ഒഴിവുകൾ സംബന്ധിച്ച് എന്തെങ്കിലും കോടതി വ്യവഹാരം നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത കേസിന്റെ നമ്പർ, നിലവിലെ സ്ഥിതി എന്നിവ വിശദമാക്കാമോ? | (ഡി) | 27/12/2021 ൽ അവസാനിച്ച റാങ്ക് പട്ടികയിൽ<br><br>ഉൾപ്പെട്ട ചില ഉദ്യോഗാർഥികൾ ഫയൽ ചെയ്ത OA No. 1918/21 കേസിൽ ബഹു.<br><br>ട്രിബ്യൂണൽ 22/12/2021 ൽ പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ 72<br><br>ഒഴിവുകൾ പ്രോവിഷണലായി പി എസ് സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ